**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3890** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സമീപകാലത്ത് പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കെതിരെ ആക്രമണങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യ പ്രവർത്തകർക്കെതിരെ അക്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 12.08.2021 ലെ സ.ഉ (സാധാ) നം.1735/2021/ ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും താഴെപ്പറയുന്ന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. 1. എല്ലാ സർക്കാർ ആശുപത്രികളിലും, സി സി ടി വി സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ആദ്യഘട്ടത്തിൽ താലൂക്ക് ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം, ഒ.പി വിഭാഗം എന്നിവിടങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുക. പോലീസ് എയിഡ് പോസ്റ്റ് ഉള്ള ആശുപത്രികളിൽ പോലീസിന് ദൃശ്യങ്ങൾ നിരീക്ഷിക്കുവാനുള്ള സൗകര്യവും ക്യാമറകളുടെ ശരിയായ പ്രവർത്തനവും ഉറപ്പുവരുത്തുക. 2. സ്ഥാപന തലത്തിൽ, സെക്യൂരിറ്റി ഇൻ ചാർജ് ഓഫീസറെ ആശുപത്രി സൂപ്രണ്ട് നാമനിർദേശം ചെയ്യേണ്ടതാണ്. 3. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റ ജീവനക്കാർക്കും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ഏകോപനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് പരിശീലനം നൽകേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥരുടെ എല്ലാ നിയമനങ്ങളും എക്സ്-സർവീസ്മെൻ സൊസൈറ്റി/ സംഘടനകളിൽ നിന്നും നടത്തേണ്ടതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി/ആശുപത്രി വികസന സമിതി/ആശുപത്രി വികസന സൊസൈറ്റി എന്നിവ മുഖേന സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ വിമുക്ത ഭടൻമാരെ നിയമിക്കേണ്ടതാണ്. |
| (ബി) | ഇത്തരത്തിലുള്ള ആക്രമണങ്ങൾക്കെതിരെ ഡോക്ടർമാർ അടക്കമുള്ള മറ്റ് ജീവനക്കാർ സമരങ്ങളിൽ മറ്റും ഏർപ്പെടുന്നത് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്താറുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പി.എച്ച്. സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഉണ്ട്. |

സെക്ഷൻ ഓഫീസർ